ഉത്തരം

(എ) ഒരു അംഗൻവാടി അനുവദിക്കുന്നതിന് അർബൻ/റൂറൽ പ്രദേശങ്ങളിൽ ജനസംഖ്യ ആയിരവും ട്രൈബൽ പ്രദേശങ്ങളിൽ എഴുന്നൂറും ഉണ്ടായിരിക്കണമെന്നതാണ് കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിർദ്ദേശം. എന്നാൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് 300-നുമേൽ ജനസംഖ്യയുള്ള ഒറ്റപ്പെട്ട പ്രദേശങ്ങളിൽ അംഗൻവാടികൾ അനുവദിക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശം ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) & (ഡി) ഉണ്ട്. ജനസംഖ്യാനുപാതികമായി തുടങ്ങേണ്ടുന്ന അംഗൻവാടികളിൽ ആദ്യഘട്ടമായി 3258 അംഗൻവാടികൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഹോസ്ദുർഗ് മണ്ഡലത്തിലെ അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം

34 [3548] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് മണ്ഡലത്തിൽ എത്ര അംഗൻവാടികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അംഗൻവാടികൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത് എന്ന് പേര് സഹിതം വ്യക്തമാക്കാമോ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അംഗൻവാടി കെട്ടിടനിർമ്മാണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത പദ്ധതിയാണ്. കൂടാതെ എം. പി., എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട്, ഭരണനവീകരണ പദ്ധതി അനുസരിച്ചും മറ്റും അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും മുൻവർഷം അനുമതി നൽകിയിട്ടുള്ള 1472 അംഗൻവാടി കെട്ടിടത്തിന് ആദ്യ ഗഡുവായി 5000 രൂപവീതം 2004-2005 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly